# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: T2439

18.12.2012-ൽ
മറുപടിക്ക്.

## കോഴിക്കോട് ജില്ലയിൽക്കൂടി കടന്നുപോകുന്ന വാതകപൈപ്പ് ലൈൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ . പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യാ ലിമിറ്റഡ് (ഗെയിൽ) വാതക പൈപ്പ് ലൈൻ കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിലൂടെ യാണ് കടന്നുപോകുന്നതെന്ന വിവരം ലഭ്യമാക്കുമോ; | (എ) മുക്കം, കൊടിയത്തൂർ, കാരശ്ശേരി, ഓമശ്ശേരി, കൊടുവള്ളി, താമരശ്ശേരി, ഉണ്ണികുളം, പനങ്ങാട്, കോട്ടൂർ, നൊച്ചാട്, നടുവണ്ണൂർ, പേരാമ്പ്ര, ചെറുവണ്ണൂർ, വേളം, ആയഞ്ചേരി. |
| (ബി) വാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഏകപക്ഷീയമായാണ് അലൈൻമെന്റ് നിശ്ചയിച്ചതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (സി) ബാധകമല്ല. |
| (ഡി) കർഷകരുടെ വിളഭൂമിയിലൂടെ പൈപ്പ് ലൈൻ കടന്നു പോകുക വഴി കർഷകർക്ക് ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് അർഹമായ നഷ്ടപരിഹാരം ലഭിക്കാൻ അടിയന്തിരമായി ഇടപെടുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) കർഷകർക്ക് Petroleum & Mineral Pipeline (P&MP) ആക്ട് പ്രകാരമുള്ള നഷ്ടപരിഹാരം കോമ്പിറ്റന്റ് അതോറിറ്റി ക്ലിപ്തപ്പെടുത്തി നൽകുന്നതാണ്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നില്ല. ഉപയോഗാവകാശം (RoU) മാത്രമേ |

ഏറ്റെടുക്കുന്നുള്ളൂ. ഭൂമിയുടെ ഉടമസ്ഥാവകാശം ഭൂവുടമയിൽ തന്നെ നിക്ഷിപ്തമാണ്. ക്രയവിക്രയം ചെയ്യാൻ NOC-യുടെ ആവശ്യമില്ല. ഭൂ ഉടമകൾക്ക് ഉയർന്ന നിരക്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ചമയങ്ങളുടെ നഷ്ടത്തിന്, കെ.എസ്.ഇ.ബി സർക്കാർ അംഗീകാരത്തോടുകൂടി നടപ്പിലാക്കുന്ന നഷ്ടപരിഹാര നിർണ്ണയ രീതി തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. ഇതിൽ ഉൾക്കൊള്ളാത്ത ചമയങ്ങൾക്ക് അഗ്രികൾചറൽ ഓഫീസ്സ്, റബ്ബർ ബോർഡ്, സ്പൈസസ് ബോർഡ് എന്നിവയിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് കോമ്പിറ്റന്റ് അതോറിറ്റി നഷ്ടപരിഹാരം നൽകുന്നതിനുള്ള ഉചിതമായ തീരുമാനം എടുത്തു വരുന്നു.

**സെക്ഷൻ ഓഫീസർ**